നിർമ്മാണത്തിലിരിക്കുന്ന ശുദ്ധജലവിതരണ പദ്ധതികൾ

77 [3331] *ഡോ.എ.നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര വാട്ടർ അതോറിറ്റി ഡിവിഷൻ അതിർത്തിയിൽ എത്ര ശുദ്ധജലവിതരണ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നത്; അവ ഏതെല്ലാം; വിശദമാക്കുമോ;

(ബി) കാളിപ്പാറ ശുദ്ധജലവിതരണ പദ്ധതിയുടെ മൊത്തം എസ്റ്റിമേറ്റ് തുക എത്രയാണ്;

(സി) ഇതിനകം എത്ര തുകയാണ് അലോട്ട് ചെയ്തിട്ടുള്ളത്; എത്ര തുക ചെലവഴിച്ചു;

(ഡി) എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 13 ശുദ്ധജലവിതരണ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു.

1. നെയ്യാറ്റിൻകര ശുദ്ധജല വിപുലീകരണ പദ്ധതി
2. മറുകിൽ, മാരനല്ലൂർ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി
3. ഒറ്റശേഖരമംഗലം, വാഴിച്ചൽ, കള്ളിക്കാട് ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി
4. അമ്പൂരി, വെള്ളറട ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി
5. പാറശ്ശാല ഗ്രാമീണ ശുദ്ധജല വിപുലീകരണ പദ്ധതി
6. കുളത്തൂർ ഗ്രാമീണ ശുദ്ധജല വിപുലീകരണ പദ്ധതി
7. ചെങ്കൽ ഗ്രാമീണ ശുദ്ധജല വിപുലീകരണ പദ്ധതി
8. കാരോട് ഗ്രാമീണ ശുദ്ധജല വിപുലീകരണ പദ്ധതി
9. പരശുവയ്ക്കൽ ഗ്രാമീണ ശുദ്ധജല വിപുലീകരണ പദ്ധതി
10. കൊല്ലയിൽ ഗ്രാമീണ ശുദ്ധജല വിപുലീകരണ പദ്ധതി
11. തിരുപുറം ഗ്രാമീണ ശുദ്ധജല വിപുലീകരണ പദ്ധതി
12. കാഞ്ഞിരംകുളം ഗ്രാമീണ ശുദ്ധജല വിപുലീകരണ പദ്ധതി
13. കരിംകുളം ഗ്രാമീണ ശുദ്ധജല വിപുലീകരണ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

(ബി) 118.967 കോടി രൂപ

(സി) 31-7-2005 വരെ 1129.49 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. തുക മുഴുവനും ചെലവഴിച്ചു.

(ഡി) നെയ്യാർഡാമിൽ നിന്നും ജലം ശേഖരിക്കുന്നതിനുള്ള 'റാ വാട്ടർ' പൈപ്പ്‌ലൈനിന്റെയും കാളിപ്പാറ ശുദ്ധീകരണശാലയുടെയും പണികൾ 80% പൂർത്തിയായിട്ടുണ്ട്. മിഡിൽ കാളിപ്പാറയിലുള്ള ജലസംഭരണിയുടെ പണി നടന്നുവരുന്നു. കുരിശുമലയിലെ ജലസംഭരണിയുടെ പണി 90% പൂർത്തിയായിട്ടുണ്ട്. മറുകിൽ മാരനല്ലൂർ പഞ്ചായത്തിലെ വിതരണ കുഴലുകളുടെ പണി 80% പൂർത്തിയായിട്ടുണ്ട്.

തദ്ദേശസ്രോതസ്സുകളുടെ വികസനവും പരിപാലനവും

78 [3332] *ശ്രീ. വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലദൗർലഭ്യമുള്ള പ്രദേശങ്ങളിൽ ജലത്തിന്റെ ആവശ്യം നിറവേറ്റുന്നതിന് തദ്ദേശ ജലസ്രോതസ്സുകളുടെ വികസനവും പരിപാലനവും അത്യന്താപേക്ഷിതമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ബി) എങ്കിൽ തദ്ദേശ ജലസ്രോതസ്സുകളുടെ വികസനത്തിനും പരിപാലനത്തിനുമായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) തടാകങ്ങളും വെള്ളക്കെട്ട് പ്രദേശങ്ങളും സംരക്ഷിക്കുന്നതിനുവേണ്ടി ഫലപ്രദമായ എന്തെങ്കിലും പരിപാടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗ്രാമപഞ്ചായത്തുകൾ കേരള വികസന പരിപാടിയുടെ ഭാഗമായി അതാത് പ്രദേശത്തെ ആവശ്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ ഗ്രാമസഭകൾ വഴി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ട്.

(സി) കേരളത്തിലെ ശുദ്ധജലതടാകങ്ങൾ സംരക്ഷിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ നാഷണൽ ലേക്ക് കൺസർവേഷൻ പ്ലാൻ പ്രകാരം പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ ചീഫ് എൻജിനീയർ (I&A) കീഴ് ഓഫീസുകൾക്ക് നൽകിയിട്ടുണ്ട്. തിരുവനന്തപുരത്തെ വെള്ളായണി കായൽ റിക്ലമേഷൻ സ്കീമിൽപ്പെടുത്തി പാടശേഖരങ്ങളുടെ സംരക്ഷണാർത്ഥം ബണ്ടുകൾ ബലപ്പെടുത്തുന്ന പ്രവർത്തികൾ കാലാകാലങ്ങളിൽ ചെയ്തുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly